ഉത്തരം

(എ) 1992 മുതൽ 1995 വരെ പാരമ്പര്യേതര ഊർജ്ജ മന്ത്രാലയത്തിൻ കീഴിൽ നടന്ന പഠനങ്ങളുടെ അടിസ്ഥാനത്തിലാണ് രാമക്കൽമേട്ടിൽ കാറ്റിൽനിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ സാധിക്കുമെന്ന് കണ്ടെത്തിയത്.

(ബി) ഇടുക്കി ജില്ലയിലെ രാമക്കൽമേട്ടിൽ കാറ്റിൽനിന്നും 80 MW വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ സാധിക്കുമെന്ന് കണ്ടെത്തിയിട്ടുണ്ട്. ആദ്യഘട്ടത്തിൽ 27 MW വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനായി സഹകാര്യ സംരംഭകരെ ഉൾപ്പെടുത്തി നടപ്പിലാക്കാനുള്ള ശ്രമം നടത്തിയെങ്കിലും സഹകാര്യ സംരംഭകരാരുംതന്നെ ഇതിനായി മുന്നോട്ടുവരാത്ത സാഹചര്യത്തിൽ പ്രസ്തുത പരിപാടി നിർത്തിവെയ്ക്കേണ്ടതായിവന്നു.

കാറ്റാടിപ്പാടം സ്ഥാപിക്കുന്നതിനായി സർക്കാർ അനെർട്ടിന് 149.10.53 ഹെക്ടർ റവന്യൂഭൂമി കൈമാറിയിട്ടുണ്ട്. ഇവിടെ അതിർവരമ്പിനായുള്ള ജൻഡയുടെ പണി പൂർത്തീകരിച്ചുകഴിഞ്ഞു. പ്രസ്തുത സ്ഥലത്തെ കാറ്റിന്റെ ലഭ്യതയെക്കുറിച്ച് കേന്ദ്ര പാരമ്പര്യേതര ഊർജ്ജമന്ത്രാലയത്തിന്റെ കീഴിലുള്ള സി-വെറ്റ് (സെന്റർ ഫോർ വിന്റ് എനർജി ടെക്നോളജി) സൂക്ഷ്മ സ്ഥലനിർണ്ണയം നടത്തുന്നതിനായുള്ള കോണ്ടൂർ സർവെ അനെർട്ട് നടത്തുകയുണ്ടായി. ഇപ്പോൾ സംസ്ഥാന വൈദ്യുതി ബോർഡും അനെർട്ടും സംയുക്തമായി രാമക്കൽമേട്ടിൽ കാറ്റാടിപ്പാടം സ്ഥാപിക്കുന്നതിനുള്ള നടപടി എടുത്തുവരുന്നു.

(സി) 1. വിന്ധ്യ എന്ന സ്ഥാപനം രാമക്കൽമേട് ഏരിയയിൽ തമിഴ്നാടിന്റേതായ സ്ഥലത്ത് Wind Monitoring Mast സ്ഥാപിച്ചിട്ടുണ്ട്.

2. കേരളത്തിന്റെ അതിർത്തിക്കുള്ളിൽ രാമക്കൽമേട് വിൻഡ് ഫാമിനുവേണ്ടി അലോട്ട് ചെയ്തിട്ടുള്ള സ്ഥലത്തോട് ചേർന്നുള്ള "പുഷ്പകണ്ടം" എന്ന സ്ഥലത്തും, അവിടെനിന്നും ഉദ്ദേശം 3 KM അകലെ "കുരുവിക്കാനം" എന്ന സ്ഥലത്തും NEG Micon എന്ന സ്ഥാപനം ഓരോ Wind Monitoring Mast സ്ഥാപിച്ചിട്ടുണ്ട്.

കാറ്റിൽ നിന്നും വൈദ്യുതി

26 [2776] *ശ്രീ. സി. ടി. അഹമ്മദ് അലി:*
,, *ടി. പി. എം. സാഹിർ:*
,, *ചെർക്കളം അബ്ദുള്ള:*
,, *കെ. എൻ. എ. ഖാദർ:*
,, *ഇസ്ഹാക് കുരിക്കൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് അനുയോജ്യമായ സ്ഥലങ്ങൾ സംസ്ഥാനത്ത് എവിടെയെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) ഇതിലേതെങ്കിലും സ്ഥലത്ത് പദ്ധതി തുടങ്ങാൻ നിശ്ചയിച്ചിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കേന്ദ്ര പാരമ്പര്യേതര ഊർജ്ജ മന്ത്രാലയം നടത്തിയ പഠനങ്ങളിൽ കേരളത്തിൽ കാറ്റിന്റെ ശക്തികൊണ്ട് വൈദ്യുതോൽപ്പാദനം നടത്താവുന്ന 16 സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ഇടുക്കിയിലും പാലക്കാട്ടുമായുള്ള ഈ സ്ഥലങ്ങളിലെ ആകെ വൈദ്യുതോൽപ്പാദനശേഷി 605 മെഗാവാട്ട് ആണ്. (ജില്ല തിരിച്ചുള്ള വിവരണം അനുബന്ധമായി ചേർത്തിരിക്കുന്നു.)†

(ബി) ഉണ്ട്. ഇടുക്കി ജില്ലയിലെ രാമക്കൽമേട്ടിൽ കാറ്റിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുവാനുള്ള പ്രാരംഭ നടപടികൾ വൈദ്യുതിബോർഡും അനെർട്ടും സംയുക്തമായി നടത്തിവരുന്നു.

(സി) ആദ്യഘട്ടത്തിൽ 27 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനായി സ്വകാര്യ സംരംഭകരെ ഉൾപ്പെടുത്തി നടപ്പിലാക്കാനുള്ള ശ്രമം നടത്തിയെങ്കിലും സ്വകാര്യ സംരംഭകരാരുംതന്നെ ഇതിനായി മുന്നോട്ടുവരാത്ത സാഹചര്യത്തിൽ പ്രസ്തുത പരിപാടി വൈദ്യുതിബോർഡും അനെർട്ടും സംയുക്തമായി നടപ്പിലാക്കാൻ നടപടികൾ എടുത്തുവരികയാണ്.

കാറ്റാടിപാടം സ്ഥാപിക്കുന്നതിനായി സർക്കാർ അനെർട്ടിന് 149.10.53 ഹെക്ടർ റവന്യൂഭൂമി കൈമാറിയിട്ടുണ്ട്. ഇവിടെ അതിർവരമ്പിനായുള്ള ജൻഡയുടെ പണി പൂർത്തീകരിച്ചുകഴിഞ്ഞു. പ്രസ്തുത സ്ഥലത്തെ കാറ്റിന്റെ ലഭ്യതയെക്കുറിച്ച് കേന്ദ്ര പാരമ്പര്യേതര ഊർജ്ജമന്ത്രാലയത്തിന്റെ കീഴിലുള്ള സി-വെറ്റ് (സെന്റർ ഫോർ വിന്റ് എനർജി ടെക്നോളജി) വഴിയായി സൂക്ഷ്മ സ്ഥലനിർണ്ണയം നടത്തുന്നതിനായുള്ള കോണ്ടൂർ സർവെ അനെർട്ട് നടത്തുകയുണ്ടായി.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ബ്രഹ്മപുരം വൈദ്യുത പദ്ധതികരാർ

27 [2777] *ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്രഹ്മപുരം വൈദ്യുത പദ്ധതികരാർ സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള അന്വേഷണം ഇപ്പോൾ നടക്കുന്നുണ്ടോ;

(ബി) എങ്കിൽ അന്വേഷണ ഏജൻസി ഏതാണെന്നുപറയാമോ;

(സി) അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ഡി) എത്ര തുകയുടെ ക്രമക്കേടുണ്ടെന്നാണ് പ്രാഥമിക അന്വേഷണത്തിൽ കണ്ടെത്തിയതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള സംസ്ഥാന വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ.

(സി) അന്വേഷണം പുരോഗമിച്ചുവരുന്നു.

(ഡി) കേസിന്റെ അന്വേഷണം പൂർത്തിയായാൽ മാത്രമേ കൂടുതൽ വിശദാംശങ്ങൾ വെളിപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ.

ബ്രഹ്മപുരം വൈദ്യുതപദ്ധതി

28 [2778] *ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്രഹ്മപുരം വൈദ്യുതപദ്ധതിയുടെ ഏതെങ്കിലും യന്ത്രഭാഗങ്ങൾക്ക് ഗുരുതരമായ തകരാറുകൾ കണ്ടെത്തിയിരുന്നുവോ;

(ബി) ക്രാങ്ക് ഷാഫ്റ്റ് എന്ന യന്ത്രഭാഗം മാറ്റിസ്ഥാപിക്കേണ്ടി വന്നിട്ടുണ്ടോ;

(സി) എങ്കിൽ അതുമൂലം എത്രകാലം ആ ജനറേറ്ററുകൾ പ്രവർത്തന രഹിതമായതെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത അറ്റകുറ്റപണികൾക്കുവേണ്ടി ചെലവാക്കേണ്ടിവന്ന തുകയെത്ര;

LIBRARY ARCHIVES Kerala Legislative Assembly